## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*86.** **10.06.2019 ൽ മറുപടിയ്ക്ക്**

### കള്ള് ചെത്ത് വ്യവസായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ<br>,, വി.പി.സജീന്ദ്രൻ<br>,, അനൂപ് ജേക്കബ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കള്ള് ചെത്ത് വ്യവസായത്തെ പുന:സംഘടിപ്പിക്കുവാൻ ടോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | 2017-18 ലെ അബ്കാരി നയത്തിൽ സർക്കാർ പ്രഖ്യാപിച്ച ടോഡി ബോർഡിന്റെ രൂപീകരണത്തിനുള്ള നടപടികൾ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി കള്ള് ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗം ബഹു.എക്സൈസ് വകുപ്പ് മന്ത്രി വിളിച്ച് ചേർത്തിട്ടുണ്ട്. |
| (ബി) | കള്ള് ചെത്ത് വ്യവസായത്തിന്റെ അടിസ്ഥാന വികസനം ലക്ഷ്യമാക്കി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | കള്ള് ചെത്ത് വ്യവസായത്തിന്റെ സമഗ്ര വികസനത്തിനും ടി വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിനും ടി കള്ള് ആവശ്യമായ സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടാണ് സർക്കാർ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത്. ടോഡി ബോർഡ് രൂപീകരിക്കുന്നതിലൂടെ ഈ വ്യവസായ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (സി) | വ്യാജക്കള്ളിന്റെ ഉല്പാദനം കള്ള് ചെത്ത് വ്യവസായത്തെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ചിറ്റൂർ മേഖലയിൽ വ്യാജക്കള്ള് നിർമ്മിക്കുന്നതിനായി കൊണ്ടുവന്ന സ്പിരിറ്റ് പിടിച്ചെടുത്ത സംഭവം ഈ വാദം ശരിയെന്ന് തെളിയിക്കുന്നതല്ലേയെന്ന് വ്യക്തമാക്കുമോ; | (സി) | കണ്ടെത്തിയിട്ടില്ല. പാലക്കാട് ജില്ലയിൽ പിടികൂടിയ സ്പിരിറ്റ് ചിറ്റൂർ മേഖലയിൽ വ്യാജകള്ള് നിർമ്മിക്കാൻ കൊണ്ടുവന്നതാണെന്നുള്ളതിന് വ്യക്തമായ തെളിവുകൾ യാതൊന്നും തന്നെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകളിൽ ശുദ്ധമായ കള്ള് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകളിൽ ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിനുള്ള തീരുമാനം അബ്കാരി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ